**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156** **27-07-2021 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സുകളുടെ 2021-22 വർഷത്തെ ഫീസ് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | പരിഗണനയിലില്ല |
| (ബി) | 2021-22 വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | 15.06.2021 ലെ സ.ഉ(സാധാ) 789/2021/ഉവിവ ഉത്തരവ് മുഖേനയും 17.06.2021 ലെ സ.ഉ(സാധാ) 800/2021/ഉവിവ ഉത്തരവ് മുഖേനയും സംസ്ഥാനത്ത് റഗുലർ ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായും കുറവുചെയ്യണമെന്നും കൂടാതെ 2021-22 അധ്യയന വർഷത്തിലും അഡ്മിഷൻ ഫീസുൾപ്പെടെയുള്ള ഫീസിനങ്ങളിൽ യാതൊരു വർദ്ധനവും വരുത്തുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തവുകളിൽ 2021-22 വർഷത്തിൽ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകുവാനോ ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകുവാനോ നിഷ്കർഷിച്ചിട്ടില്ല. |
| (സി) | ക്ലാസ്സുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഇത്തരം ഫീസിനങ്ങൾ ഈടാക്കാതിരിക്കുന്നതിനും ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകുന്നതിനും ഉത്തരവ് നൽകുമോ; വ്യക്തമാക്കുമോ? | (സി) | 15.06.2021 ലെ സ.ഉ(സാധാ) 789/2021/ഉവിവ ഉത്തരവ് മുഖേനയും 17.06.2021 ലെ സ.ഉ(സാധാ) 800/2021/ഉവിവ ഉത്തരവ് മുഖേനയും സംസ്ഥാനത്ത് റഗുലർ ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായും കുറവുചെയ്യണമെന്നും കൂടാതെ 2021-22 അധ്യയന വർഷത്തിലും അഡ്മിഷൻ ഫീസുൾപ്പെടെയുള്ള ഫീസിനങ്ങളിൽ യാതൊരു വർദ്ധനവും വരുത്തുവാൻ |

| | | | |
|---|---|---|---|
| | | | പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ 2021-22 വർഷത്തിൽ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകുവാനോ ഈടാക്കിയ ഫീസ് വിദ്യാർത്ഥികൾക്ക് മടക്കി നൽകുവാനോ നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ